ഗവ. എൽ പി സ്കൂൾ, വിളമന

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025

## ഗവ എൽ പി സ്കൂൾ,വിളമന

# അക്കാദമിക മാസ്റ്റർ പ്ലാൻ

### ആമുഖം

മലയോര പ്രദേശമായ വിളമന എന്ന കൊച്ചു ഗ്രാമത്തിൽ 1954 ഒക്ടോബറിൽ ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചു. ഏകാധ്യാപിക വിദ്യാലയമായി പ്രവർത്തനമാരംഭിച്ച് ഈ സ്കൂൾ ആദ്യം പ്രവർത്തിച്ചത് എസ്.എൻ.ഡി.പി യുടെ കെട്ടിടത്തിലായിരുന്നു. നാട്ടുകാരുടെ ആവശ്യം മനസ്സിലാക്കി വിദ്യാഭ്യാസ തല്പരനും സമൂഹത്തിന്റെ അഭ്യുദയകാംക്ഷിയുമായിരുന്ന ശ്രീ കല്യാടൻ കുഞ്ഞിരാമൻ നമ്പ്യാർ ഒരു കെട്ടിടം നിർമ്മിച്ചു നൽകിയതോടെ 1955 ൽഈ സ്കൂൾ ഇവിടേക്ക് മാറ്റുകയാണുണ്ടായത്.അക്ഷര സ്നേഹിയായിരുന്ന ആ മാന്യദേഹം പിന്നീട് സ്കൂളും അനുബന്ധ സ്ഥലവും അന്നത്തെ സർക്കാർ നിരക്കിൽ ഗവൺമെന്റിന് കൈമാറുകയാണുണ്ടായത്. 1967 ൽകുട്ടികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടായപ്പോൾ ഓല ഷെഡുകൾ പണിത് ക്ലാസുകൾ നടത്തിവന്നു. സ്ഥല പരിമിതിയും കെട്ടിടത്തിന്റെ അഭാവവും 1 വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചിരുന്നു. എന്നാൽ 1990 ൽ ജെ.ആർ.വൈ സ്കീമിൽ രണ്ട് ക്ലാസ് മുറികളുള്ള ഒരു കെട്ടിടം നിർമ്മിച്ചത് വലിയ ആശ്വാസമായി. 2002 ജില്ലാ പഞ്ചായത്ത് 4 മുറികളുള്ള ഒരു കോൺക്രീറ്റ് കെട്ടിടം പണികഴിപ്പിച്ചതോടെ കെട്ടിട സൗകര്യം വേണ്ടുവോളമായി.

ജ്ഞാനസമ്പാദനം, തൊഴിൽ പരിശീലനം, സ്വഭാവസംസ്കരണം, സാംസ്കാരിക ഉന്നമനം, പൗരത്വ പരിശീലനം, സമ്പൂർണ്ണ ജീവിതത്തിനുള്ള തയ്യാറെടുപ്പ് , എന്നീ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഈ സ്ഥാപനത്തിന് എക്കാലവും സാധിച്ചിട്ടുണ്ട്. 1954 മുതൽ ഇവിടെ നിന്ന് പഠിച്ചിറങ്ങിയവരിൽ കൃഷിക്കാരും തൊഴിലാളികളും കച്ചവടക്കാരും ഉദ്യോഗസ്ഥരും കലാകാരന്മാരും സാംസ്കാരിക പ്രവർത്തകരും സാമൂഹ്യ സേവകരും എല്ലാമുണ്ട്.അവർ നേടിയ സാമ്പത്തിക ഉന്നതിയല്ല, മറിച്ച് അവർ ഉൾക്കൊണ്ട സാംസ്കാരിക മൂല്യമാണ് ഈ വിദ്യാലയത്തിന്റെ കരുത്ത്.പഠിച്ചിറങ്ങിയവരിൽ എത്ര കളക്ടറും എഞ്ചിനീയറും ഡോക്ടറും ഉണ്ട് എന്ന് നോക്കി സ്കൂളിന്റെ നിലവാരം നിശ്ചയിക്കുന്ന രീതിയല്ല, മറിച്ച് പഠിച്ചിറങ്ങിയവരിൽ എത്രപേർ സമൂഹത്തോട് പ്രതിബദ്ധത കാണിക്കുന്നുവെന്ന് നോക്കുന്നതാണ് അഭികാമ്യം ആ നിലയിൽ വിലയിരുത്തുമ്പോൾ ഈ സ്കൂൾ സമ്പന്നമാണ്.

**2025-26 അധ്യയനവർഷത്തിലെ സ്കൂൾ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഭാഷാവിഷയങ്ങളിലുള്ള കുട്ടികളുടെ പോരായ്മകൾ കണ്ടെത്തിപരിഹരിക്കുകയും തുടർന്ന് ഭാഷാവിഷയങ്ങളിൽ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) സ്വതന്ത്രവായന, എഴുത്ത് മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്**

ലക്ഷ്യം :-

ഭാഷാവിഷയങ്ങളിൽ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) സ്വതന്ത്രവായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കൽ.

മലയാളം

പ്രവർത്തനങ്ങൾ :-

* Pre - test
* കുട്ടിയുടെ പ്രശ്നങ്ങൾ കണ്ടെത്തുക
* അക്ഷരങ്ങൾ ഉറപ്പിക്കൽ
* ചിഹ്നങ്ങൾ ഉറപ്പിക്കൽ
* അക്ഷരക്കാർഡ് നൽകൽ
* വാക്കുകൾ എഴുതിയ കാർഡ്
* വാക്കുകൾ നിർമ്മിക്കൽ
* വാക്യങ്ങൾ നിർമ്മിക്കൽ
* ചിത്രം - അടിക്കുറിപ്പ്
* ചിത്രം - കഥയെഴുതൽ
* കഥ - ബാക്കി എഴുതൽ
* ഡയറിയെഴുത്ത്
* വായന മൂല ,ക്ലാസ് ലൈബ്രറി രൂപീകരിക്കൽ
* പുസ്തക സമാഹരണം
* സ്കൂൾ ലൈബ്രറി നവീകരിക്കൽ
* വായനോത്സവം സംഘടിപ്പിക്കൽ
* പത്രവായന - സ്കൂൾ അസംബ്ലി
* അമ്മ വായന - വായനക്കുറിപ്പ് മത്സരം
* വായനക്കുറിപ്പ് പതിപ്പ്

* കവിപരിചയം - സ്കൂൾ അസംബ്ലി

* സ്കൂൾ പത്രം തയ്യാറാക്കൽ

* വ്യക്തിഗത രചന മത്സരം

* വിദ്യാരംഗം, സർഗ്ഗവേള എന്നിവ സ്കൂളിൽ നടത്തുന്നു

ഇംഗ്ലീഷ്

പ്രവർത്തനങ്ങൾ:-

* pre-test
* അക്ഷരം ഉറപ്പിക്കൽ

* അക്ഷര കാർഡ് നൽകൽ

* വാക്കുകൾ എഴുതിയ കാർഡ്

* ചിത്രങ്ങൾ കണ്ട് വാക്കുകളും വാക്യങ്ങളും എഴുതുക

* വാക്യങ്ങൾ നിർമ്മിക്കൽ

* ചിത്രം - അടിക്കുറിപ്പ്

* ചിത്രം - കഥ പറയൽ

* ചിത്രം - കഥയെഴുതൽ

* കഥ ബാക്കിയെഴുതൽ

* ഇംഗ്ലീഷ് അസംബ്ലി

* ഇംഗ്ലീഷ് വായന മത്സരം

* ഇംഗ്ലീഷ് ഡേ ആചരിക്കൽ

* ഇംഗ്ലീഷ് ക്വിസ്സ്

ഹിന്ദി

പ്രവർത്തനങ്ങൾ :-

* pre-test
* അക്ഷരം ഉറപ്പിക്കൽ

* അക്ഷര കാർഡ് നൽകൽ

* വാക്കുകൾ എഴുതിയ കാർഡ്

* വാക്കുകൾ നിർമ്മിക്കൽ

* വാക്യങ്ങൾ നിർമ്മിക്കൽ

* കഥാവായന

* വാർത്തകൾ കേൾക്കാനുള്ള അവസരം

* ഹിന്ദി കവിതകൾ ഓഡിയോ കേൾപ്പിക്കുക

* സ്കൂൾ അസംബ്ലിയിൽ വാർത്താവതരണം
* ഹിന്ദി ക്വിസ് പരിപാടികൾ

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്പഷ്ടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന | വായിക്കാം, എഴുതാം , വായിക്കാം. | ❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന.<br>❖ നിശബ്ദ വായന.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ നിശബ്ദ വായന.<br>❖ ഉച്ചത്തിൽ വായന<br>❖ വായനാകാർഡ് നൽകുന്നു. | 2 ആഴ്ച |
| | വായിക്കാം, എഴുതാം , വായിക്കാം.<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ആശയം പറയാം | ❖ കുട്ടിക്ക് കഥ പുസ്തകം/വായനാ കാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന.<br>❖ വായിച്ചറിഞ്ഞ ആശയം പറയൽ.<br>❖ ആവശ്യമെങ്കിൽ ആവർത്തനവായന.<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ |
| | ആശയം പറയാം<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ |

| | | | |
|---|---|---|---|
| | വായിക്കാം കൂട്ടുകാരെ | ❖ കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന<br>❖ ഉച്ചത്തിൽ വായന<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ -ജൂലൈ |
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | ജൂൺ -ജൂലൈ |
| | വായിക്കാം.. അഭിപ്രായം പറയാം | ❖ കുട്ടികൾക്ക് കഥ കാർഡ് നല്കുന്നു.<br>❖ വായിച്ച് അവതരിപ്പിക്കാൻ അവസരം നല്കുന്നു.<br>❖ കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | ജൂൺ - ഓഗസ്റ്റ് |
| | ക്ലാസ് റൂം ലൈബ്രറി | ❖ ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>❖ ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>❖ പുസ്തക വിതരണം<br>❖ വായന, വായനാനുഭവം പങ്കുവെയ്ക്കൽ | ജൂൺ - ഒക്ടോബർ |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം | ❖ കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.<br>❖ കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.<br>❖ കഥ സ്വയം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച |

# ENGLISH

| LEARNIGOUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| • Describes the pictures | Picture Description. | • The teacher shows a picture.<br>• Discussion.<br>• The children talk about the picture.<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | June to august |
| • Arranges word in alphabetical order | Dictionary. | • Introducing the dictionary.<br>• Gives words.<br>• Arranging words in alphabetical order | July to march |
| • "Adds more exchanges to the Conversation suitable to the context" | Conversation | • Reading the conversation.<br>• Conversation is acting with friends.<br>• Adds more exchanges to the Conversation.<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | July to march |
| • Identifies rhyming words from the poem | Rhyming words. | • Plays the audio of song.<br>• Let the learner sing after the audio.<br>• Discussion.<br>• Identifies rhyming words. | July to September |

| | | | |
|---|---|---|---|
| • Adds lines to a poem following a set pattern. | Add more lines. | • **Plays the audio of song.**<br>• Let the learner sing after the audio.<br>• Adds lines to the poem | July to December |
| • Reads and understands the given stories and poems | Let'sread. | • Provides the opportunity to read simple stories and poems.<br>• They tell the story they read. | December to march |
| • Makes simple riddles | Riddles. | • Gives children the opportunity to hear and answer simple riddles.<br>• Makes simple riddles<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | August to march |
| • Undertakes simple project work given | Projectworks. | • Gives instructions.<br>• Data collection.<br>• Codifying. | October to march |